**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 757** **24-02-2022 - ൽ മറുപടിയ്ക്ക്**

**സമഗ്ര കോളനി വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സമഗ്ര കോളനി വികസന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര പട്ടികജാതി - പട്ടികവർഗ്ഗ കോളനികളാണ് 2016 മുതൽ ഇതുവരെയും 1 കോടി രൂപ പദ്ധതി ആവിഷ്കരിച്ചത്; ഓരോ പദ്ധതികളുടെയും നിർവഹണ ഏജൻസി ഏതെന്ന് നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ 5 നിയോജകമണ്ഡലങ്ങളിൽ നിന്നും 2 കോളനികൾ വീതം ആകെ 10 പട്ടികജാതി കോളനികളെ പ്രസ്തുത പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതികളുടെ നിർവ്വഹണ ഏജൻസി കാസർഗോഡ് ജില്ലാ നിർമ്മിതി കേന്ദ്രമാണ്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2021 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 6 കോളനികൾ ഉൾപ്പെടെ 14 പട്ടികവർഗ്ഗ കോളനികളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2017-18 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 8 കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ കാസർഗോഡ് ജില്ലാ നിർമ്മിതി കേന്ദ്രം വഴി പുരോഗമിച്ചു വരുന്നു. 2020-21 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട കോളനികളുടെ നിർവ്വഹണ ഏജൻസികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്; അത് പൂർത്തീകരിക്കാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 10 പട്ടികജാതി കോളനികളിൽ 4 കോളനികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കല്ലക്കട്ട, ആനിക്കാടി, രാവണീശ്വരം, ഉജ്ജംപാടി, ദേവരടുക്ക, മാച്ചിക്കാട് എന്നീ 6 കോളനികളിലെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്. മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശ പ്രകാരം കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്ററിമേറ്റ് തയ്യാറാക്കേണ്ടി വന്നതിലാണ് പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നത്. 2017-18 വർഷം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ 8 പട്ടികവർഗ്ഗ കോളനികളുടെയും പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | എല്ലാ പ്രവൃത്തികളും 31.03.2022-ന് മുൻപായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഏതെങ്കിലും പദ്ധതി നിർവ്വഹണം സംബന്ധിച്ച് ക്രമക്കേടുകൾ ഉണ്ടായതായോ ഇത് സംബന്ധിച്ച പരാതികൾ ഉണ്ടായതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പദ്ധതിയിൽ ക്രമക്കേട് നടന്നതായോ ഇത് സംബന്ധിച്ച് പരാതികൾ ഉള്ളതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഉണ്ടെങ്കിൽ ആയതിൽ എന്തു നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ; | (ഡി) | പദ്ധതിയിൽ ക്രമക്കേട് നടന്നതായോ ഇത് സംബന്ധിച്ച് പരാതികൾ ഉള്ളതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇനിയും പദ്ധതി പ്രകാരം പ്രവർത്തി ആരംഭിക്കാത്ത ഏതെല്ലാം കോളനികളാണ് ഉള്ളതെന്നും ആയതിന്റെ നിർവ്വഹണ ഏജൻസി ഏതാണെന്നും പറയാമോ? | (ഇ) | തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാ പട്ടികജാതി കോളനികളിലെയും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 2017-18-ൽ ആരംഭിച്ച അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള എല്ലാ പട്ടികവർഗ്ഗ കോളനികളിലും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 2021 വർഷം പ്രസ്തുത പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 6 പട്ടികവർഗ കോളനികളിലെ പദ്ധതി നടത്തിപ്പിനായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുകയും ബന്ധപ്പെട്ട കോളനികളുടെ ഊരുകൂട്ട ശിപാർശയുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **നിയോജകമണ്ഡലം** | **കോളനികളുടെ പേര്** | **നിർവ്വഹണ ഏജൻസി** |
|---|---|---|
| കാസർഗോഡ് | ബനത്തടി | ജില്ലാ നിർമ്മിതി കേന്ദ്രം- കാസർ ഗോഡ് |
| കാഞ്ഞങ്ങാട് | പള്ളംപട്ടുക്ക എലിക്കോട്ട് കയ | കള്ളാർ ഗ്രാമപഞ്ചായത്ത് |
| | വടക്കുംമൂല- പനങ്ങാട് | കോടോംബേളൂർ ഗ്രാമപഞ്ചായത്ത് |
| തൃക്കരിപ്പൂർ | നിരത്തുംതട്ട് | ജില്ലാ നിർമ്മിതി കേന്ദ്രം- കാസർ ഗോഡ് |
| ഉദുമ | ചെമ്പക്കാട് | ബേഡഡുക്ക ഗ്രാമപഞ്ചായത്ത് |
| മഞ്ചേശ്വരം | ബീരിക്കുഞ്ചെ | ജില്ലാ നിർമ്മിതി കേന്ദ്രം- കാസർ ഗോഡ് |

സെക്ഷൻ ഓഫീസർ